**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1542** **15-03-2022 - ൽ മറുപടിയ്ക്ക്**

**വെന്നിയൂർ കുളങ്ങര റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ കുളങ്ങര റോഡ് നിർമ്മാണത്തിന് അനുമതി നൽകുന്നതിനെ സംബന്ധിക്കുന്ന ഫയൽ കൃഷി വകുപ്പിൽ ഉണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ അനുമതിയ്ക്കായുള്ള പരിശോധനാ റിപ്പോർട്ട് നൽകുന്നതിന് മലപ്പുറം ജില്ലാ കളക്ടർ, മലപ്പുറം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവരെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നോ; പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റോഡ് നീരൊഴുക്കിനെ തടസപ്പെടുത്താതെ നിർമ്മിക്കാമെന്നും റോഡ് നിർമ്മാണം കൃഷിക്ക് ഗുണകരമാകും എന്നും ജില്ലാ കളക്ടറും, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറും സർക്കാരിന് റിപ്പോർട്ട് നൽകിയിരുന്നോ; | (ബി) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ കുളങ്ങര റോഡ് നിർമ്മാണത്തിന് നിലം നികത്തിയാൽ ഭാവിയിലെ ജലദൗർലഭ്യതയ്ക്ക് കാരണമാകുമെന്നതിനാലും, പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കേണ്ടതായതിനാലും സമീപത്തുള്ള നെൽവയലുകൾ തരംമാറ്റാൻ സാധ്യതയുള്ളതിനാലും പാടത്തിന്റെ ജല നിർഗ്ഗമനത്തെ ബാധിക്കുമെന്നതിനാലും പ്രസ്തുത അപേക്ഷ 10/01/2017 തീയതിൽ സർക്കാർ ഉത്തരവ് (ആർ.റ്റി) 21/2017/കൃഷി ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു. എന്നാൽ ടി ഉത്തരവിനെതിരെ നൽകിയ പുനപരിശോധനാ അപേക്ഷയിന്മേൽ സംസ്ഥാനതല സമിതി അംഗം സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടും ആയതിന്മേൽ ജില്ലാ കളക്ടർ പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവർ സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വീണ്ടും വിശദമായി പരിശോധിക്കുകയും പ്രസ്തുത നിലം നികത്തിയാൽ ഗുരുതരമായ പാരിസ്ഥിതിക ആഘാതം ഉണ്ടാകുമെന്ന നിഗമനത്തിൽ എത്തുകയും പുനപരിശോധനാ അപേക്ഷ 05/11/2021 തീയതിയിലെ സർക്കാർ കത്ത് 211/ എൻസി2/2018/കൃഷി പ്രകാരം നിരസിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ജില്ലാ കളക്ടറും, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറും റോഡ് നിർമ്മാണത്തിന് അനുകൂലമായി റിപ്പോർട്ട് നൽകിയിട്ടും പ്രസ്തുത നിർമ്മാണ | (സി) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ കുളങ്ങര റോഡ് നിർമ്മാണത്തിന് നിലം നികത്തിയാൽ ഭാവിയിലെ ജലദൗർലഭ്യതയ്ക്ക് കാരണമാകുമെന്നതിനാലും, പാരിസ്ഥിതിക |

| | | | |
|---|---|---|---|
| | പ്രവൃത്തിക്ക് അനുമതി ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | | വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കേണ്ടതായതിനാലും സമീപത്തുള്ള നെൽവയലുകൾ തരംമാറ്റാൻ സാധ്യതയുള്ളതിനാലും പാടത്തിന്റെ ജല നിർഗ്ഗമനത്തെ ബാധിക്കുമെന്നതിനാലും പ്രസ്തുത അപേക്ഷ 10/01/2017 തീയതിൽ സർക്കാർ ഉത്തരവ് (ആർ.റ്റി) 21/2017/കൃഷി ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു. എന്നാൽ ടി ഉത്തരവിനെതിരെ നൽകിയ പുനപരിശോധനാ അപേക്ഷയിന്മേൽ സംസ്ഥാനതല സമിതി അംഗം സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടും ആയതിന്മേൽ ജില്ലാ കളക്ടർ പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവർ സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വീണ്ടും വിശദമായി പരിശോധിക്കുകയും പ്രസ്തുത നിലം നികത്തിയാൽ ഗുരുതരമായ പാരിസ്ഥിതിക ആഘാതം ഉണ്ടാകുമെന്ന നിഗമനത്തിൽ എത്തുകയും പുനപരിശോധനാ അപേക്ഷ 05/11/2021 തീയതിയിലെ സർക്കാർ കത്ത് 211/ എൻസി2/2018/കൃഷി പ്രകാരം നിരസിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ കുളങ്ങര റോഡ് നിർമ്മാണത്തിന് നിലം നികത്തിയാൽ ഭാവിയിലെ ജലദൗർലഭ്യതയ്ക്ക് കാരണമാകുമെന്നതിനാലും, പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കേണ്ടതായതിനാലും സമീപത്തുള്ള നെൽവയലുകൾ തരംമാറ്റാൻ സാധ്യതയുള്ളതിനാലും പാടത്തിന്റെ ജല നിർഗ്ഗമനത്തെ ബാധിക്കുമെന്നതിനാലും പ്രസ്തുത അപേക്ഷ 10/01/2017 തീയതിൽ സർക്കാർ ഉത്തരവ് (ആർ.റ്റി) 21/2017/കൃഷി ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു. എന്നാൽ ടി ഉത്തരവിനെതിരെ നൽകിയ പുനപരിശോധനാ അപേക്ഷയിന്മേൽ സംസ്ഥാനതല സമിതി അംഗം സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടും ആയതിന്മേൽ ജില്ലാ കളക്ടർ പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവർ സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വീണ്ടും വിശദമായി പരിശോധിക്കുകയും പ്രസ്തുത നിലം നികത്തിയാൽ ഗുരുതരമായ പാരിസ്ഥിതിക ആഘാതം ഉണ്ടാകുമെന്ന നിഗമനത്തിൽ എത്തുകയും പുനപരിശോധനാ അപേക്ഷ 05/11/2021 തീയതിയിലെ സർക്കാർ കത്ത് 211/ എൻസി2/2018/കൃഷി പ്രകാരം നിരസിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ